സംബന്ധിച്ച് ശിൽപ്പശാലകൾ നടത്തുകയും കൃഷി വിജ്ഞാനകേന്ദ്രങ്ങൾ മുഖേന എല്ലായിടത്തും എത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ കൃഷി വകുപ്പ് മുഖേന കൃഷിക്കാരിലേക്കും എത്തിക്കുന്നു. വിത്ത്, നടീൽവസ്തുക്കൾ കേരളത്തിലുടനീളം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നു.

(സി) നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് സാങ്കേതിക സൗകര്യങ്ങളുടെ വികസനത്തിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

റൈസ് ബയോപാർക്ക്

139 (1508) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കപ്പെടുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ; ഇവിടങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ നടത്തിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുട്ടനാടും പാലക്കാടുമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിലെ ആനക്കര പഞ്ചായത്തിൽ റൈസ് ബയോ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബയോപാർക്ക് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ, റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

കൃഷി നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

140 (1509) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly